"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ)-ന് പരിവർത്തിതാവധി അനുവദിച്ചപ്പോൾ, അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ പൂർണ്ണ അധികച്ചുമതല ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (പിഎ) ആയ ശ്രീമതി ഷീല.എൽ-ന് നല്കിയ ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 351/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 09/02/2021.**

പരാമർശം: 1) 30.12.2020-ലെ ആലപ്പുഴ ജില്ലാ കളക്ടറുടെ ഡി4-2160/2020 നമ്പർ നടപടിക്രമം.

2) ഗ്രാമവികസന കമ്മീഷണറുടെ 07.01.2021-ലെ 7/എസ്റ്റാ.എ1/2021/സി.ആർ.ഡി നമ്പർ നടപടിക്രമം.

**ഉത്തരവ്**

ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ) ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ഷിൻസ്.ഡി-ക്ക് 01.01.2021 മുതൽ 16.01.2021 വരെ വ്യക്തിപരമായ ആവശ്യങ്ങൾക്കായി പരിവർത്തിതാവധി അനുവദിച്ചപ്പോൾ, അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ പൂർണ്ണ അധികച്ചുമതല ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (പിഎ) ആയിരുന്ന ശ്രീമതി ഷീല.എൽ-ന് നല്കിക്കൊണ്ട് പരാമർശം 1) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ ഉത്തരവായിരുന്നു. ജില്ലാ കളക്ടറുടെ നടപടി സാധൂകരിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ)-ന് പരിവർത്തിതാവധി അനുവദിച്ചപ്പോൾ, അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ പൂർണ്ണ അധികച്ചുമതല ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ(പിഎ) ആയ ശ്രീമതി ഷീല.എൽ-ന് നല്കിയ ജില്ലാ കളക്ടറുടെ പരാമർശം (1) നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നവീൻ കൃഷ്ണൻ ജി.ഐ.**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീമതി ഷീല.എൽ, അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (പിഎ), ആലപ്പുഴ

(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, ആലപ്പുഴ.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ